**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ചു മരിച്ച റേഷൻ വ്യാപാരികളുടെ കുടുംബത്തിന് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ച റേഷൻ വ്യാപാരികളുടെയും സെയിൽസ് മാൻമാരുടെയും കുടുംബത്തിന് പ്രത്യേക പരിഗണനന നൽകി സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | റേഷൻ കട ലൈസൻസികൾക്കും സെയിൽസ്മാൻമാർക്കും ഒരു വർഷകാലയളവിലേക്ക് 7.5 ലക്ഷം രൂപയുടെ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ടവർക്ക് മാത്രമല്ല മറിച്ച് ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കും മരണാനന്തര ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. ഇതിനായി ക്ഷേമനിധി ആക്ടിന്റെ 2-ാം പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കുവാൻ ക്ഷേമനിധി സെക്രട്ടറി & ചീഫ് എക്സിക്യൂട്ടീവിനോട് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 40,000 രൂപ എന്നത് രണ്ട് ലക്ഷമായി ഉയർത്തുന്ന കാര്യമാണ് പരിഗണനയിലുള്ളത്. കൂടാതെ കോവിഡ് ബാധിച്ച് മരണപ്പെടുന്ന ലൈസൻസിയുടെ അനന്തരാവകാശികൾക്ക് റേഷൻകട അനുവദിക്കുമ്പോൾ അടവാക്കേണ്ട സോൾവൻസി തുക ഒരു ലക്ഷം രൂപയിൽ നിന്നും 10,000 രൂപയായി കുറയ്ക്കുവാനും അനന്തരാവകാശി എസ്.എസ്.എൽ.സി പാസാകണമെന്ന നിബന്ധനയിൽ ഇളവു വരുത്തണമെന്നുമുള്ള റേഷൻ വ്യാപാരികളുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ